## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. T 5040

22.05.2017 -ൽ മറുപടിയ്ക്ക്

**<u>പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ട്രഷറി നിക്ഷേപ ഫണ്ടിൽ നിന്നും മൂന്നരക്കോടിയോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ഗ്രൗണ്ടും ഇൻഡോർ സ്റ്റേഡിയവും നവീകരിക്കുന്നതിനും സിന്തറ്റിക് ട്രാക്ക് അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഇൻഡോർ സ്റ്റേഡിയത്തിന്റെയും ഗ്രൗണ്ടിന്റെയും നവീകരണത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) ഇൻഡോർ സ്റ്റേഡിയത്തിന്റെ വൈദ്യുതീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനായി തൃശ്ശൂർ പൊതുമരാമത്ത് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2) സി.ഡി.സി ഫണ്ട് ഉപയോഗിച്ച് 4.25 ലക്ഷം രൂപ ചെലവിൽ ഒരു സുരക്ഷാഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട്.<br><br>3) 2015-16 സാമ്പത്തിക വർഷത്തിലെ CIUP എന്ന പ്ലാൻ ശീർഷകത്തിൽ അനുവദിച്ച 4 ലക്ഷം രൂപ ചെലവഴിച്ച് ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>4) കോളേജ് ഗ്രൗണ്ടിൽ ഒരു ഹാന്റ്ബാൾ കോർട്ട് നിർമ്മിക്കുന്നതിനും ഒരു ലോങ് ജംബ് പിറ്റ് നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് PWD യിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ, പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച 5 ലക്ഷം രൂപ ചെലവഴിച്ച് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.<br><br>5) ഗ്രൗണ്ട് വിഭാവനം ചെയ്തപ്പോൾ 8x400 മീറ്റർ ട്രാക്കാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ, സ്ഥല പരിമിതി നിമിത്തം 4x300 മീറ്റർ ട്രാക്ക് മാത്രമാണ് നിർമ്മിച്ചത്. ആയതിനാൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിലെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (ബി) | ഇൻഡോർ സ്റ്റേഡിയത്തിൽ ഇലക്ട്രിഫിക്കേഷനുള്ള പദ്ധതി നടപ്പാക്കുന്നതിന് PWD എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. സ്റ്റേഡിയത്തിനകത്ത് സുരക്ഷാഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ടോയ് ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. ഹാന്റ് ബോൾ കോർട്ട്, ലോങ്ങ് ജംബ് പിറ്റ് എന്നിവയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷകളിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ഇൻഡോർ സ്റ്റേഡിയത്തിന്റെയും ഗ്രൗണ്ടിന്റെയും നവീകരണത്തിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**